## 1 ഒക്ടോബർ 2019
## "ഈഗോ"യിൽ കുറഞ്ഞും ഈശോയിൽ നിറഞ്ഞും...
ഫാദർ ബെന്നി നൽക്കര CMI

തിരുസഭയിലെ അസാധാരണ പ്രേഷിത മാസത്തിന്റെ ആദ്യദിനം, ആഗോള പ്രേഷിതമദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുന്നാൾ ദിനമാണെന്നത് തീർത്തും ദൈവനിയോഗമാണ്. അനുഗ്രഹദായകമാണ്. സ്വന്തം മഠത്തിന്റെ ആവൃത്തികൾക്കപ്പുറത്തേക്കു സഞ്ചരിക്കാത്ത ഒരാൾ ആഗോളസഭയുടെ മിഷനറി പ്രവർത്തനങ്ങളുടെ മധ്യസ്ഥയായി എന്നത് ആരെയും വിസ്മയിപ്പിക്കുന്ന കാര്യമാണ്, ഒപ്പം ആവേശഭരിതരാക്കുന്ന യാഥാർഥ്യവും.

ചെറുപുഷ്പം എന്ന കൊച്ചുത്രേസ്യ എങ്ങനെ ആഗോളമിഷനറി മദ്ധ്യസ്ഥയായി എന്നു വെളിപ്പെടുത്തുന്ന തിരുവചന ഭാഗമാണ് നാം ശ്രവിച്ചത്. ദൈവരാജ്യത്തെക്കുറിച്ചു വാചാലനാകുന്ന  ഈശോയെയാണ് മത്തായിയുടെ  സുവിശേഷം അവതരിപ്പിക്കുന്നത്.. ആ ദൈവരാജ്യത്തിലെ വലിപ്പച്ചെറുപ്പങ്ങളെക്കുറിച്ചും സ്ഥാനമാനങ്ങളെക്കുറിച്ചുമാണ് അവിടുത്തെ ശിഷ്യന്മാർ ആകുലപ്പെട്ടിരുന്നത്. മത്തായിയുടെ സുവിശേഷത്തിൽ കാണുന്ന അഞ്ചു പ്രഭാഷണങ്ങളിൽ നാലാമത്തെ പ്രഭാഷണം പതിനെട്ടാം അധ്യായത്തിലാണുള്ളത്. അതാകട്ടെ, ദൈവരാജ്യത്തിന്റെ ഭൂമിയിലെ പതിപ്പാകേണ്ട സഭാസമൂഹത്തെക്കുറിച്ചുള്ള പ്രഭാഷണമാണ് താനും. സ്വർഗ്ഗരാജ്യം അന്തിമമായി വെളിപ്പെടും വരെ ഭൂമിയിലെ അതിന്റെ പ്രതിരൂപമായ സഭ നൽകേണ്ട സുവിശേഷ സാക്ഷ്യമാണ് അതിലെ പ്രതിപാദ്യം. മാനസാന്തരപ്പെട്ടു ശിശുവിനെപ്പോലെയായിത്തീരുകയും ശിശുവിനെപ്പോലെ സ്വയം ചെറുതാവുകയും ചെയ്യുന്നവരാണ് ഭൂമിയിൽ സഭാസമൂഹത്തിൽ ബന്ധങ്ങൾ വളർത്തുകയും ദൈവരാജ്യത്തിൽ അംഗത്വം നേടുകയും ചെയ്യുന്നത്. അവരാണ് ലോകത്തിൽ സുവിശേഷത്തിനു  സാക്ഷികളാവുന്നതും. കൊച്ചുത്രേസ്യ നിർവഹിച്ച പ്രേഷിതവൃത്തി ഇതാണ്.

സ്വയം ശൂന്യമാക്കി ആ ശൂന്യത ദൈവത്തെക്കൊണ്ടു നിറക്കുന്നതിലാണ് ശിശുവാകുക എന്നതിന്റെ പൊരുൾ. ശിശുക്കൾക്ക് അഹം ഭാവമില്ല. സ്ഥാനമാനങ്ങളെക്കുറിച്ചു ആകുലതയില്ല. അവർ ചെറിയ കാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്നവരാണ്. ആനയെ വേണമെന്ന് പറഞ്ഞാലും അമ്പിളി മാമനെ കിട്ടണമെന്നു ശാഠ്യം പിടിച്ചാലും എത്രയോ വേഗത്തിലാണവർ എല്ലാം വിസ്മരിച്ചു തങ്ങളുടെ കൊച്ചു കൊച്ചു സന്തോഷങ്ങളിലേക്കു പോകുന്നത്. അവർ കണക്കു കൂട്ടാത്തവരും പദ്ധതികൾ വിഭാവനം ചെയ്യാത്തവരുമാണ്. ദൈവത്തിലും മനുഷ്യരിലും ആശ്രയിക്കാൻ ക്ഷണനേരം കൊണ്ടവർക്കു കഴിയുന്നു.

മാനസാന്തരപ്പെട്ടു ശിശുവിനെപ്പോലെയാവുകയെന്നു പറഞ്ഞപ്പോൾ ഈശോ ഉദ്ദേശിച്ചതു ഈയൊരു മാറ്റമാണ്.

"ഈഗോ" അഥവാ അഹംഭാവം നിറഞ്ഞിരിക്കുന്നവരിൽ ഈശോയുണ്ടാവുകയില്ല.അവിടുത്തെ രാജ്യത്തിലവർക്കു ഇടമുണ്ടാവുകയില്ല. എല്ലാം എനിക്കറിയാം എന്ന അഹന്ത വെടിഞ്ഞു എല്ലാം ദൈവത്തിൽ നിന്ന് ദാനമായി സ്വീകരിക്കാനുതകുന്ന മനസ്ഥിതിയുള്ളവരാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത്. ശിശുവാകുകയെന്നാൽ സ്വയം ചെറുതാവുകയെന്നാണർത്ഥം. തനിക്കു അവകാശവാദങ്ങളില്ലെന്നും ദൈവമാണ് തന്റെ ആശ്രയവും ശരണവുമെന്നു കരുതാൻ കഴിയുന്നവർക്കേ ശിശുവാകാനാകൂ. അവരേ ദൈവരാജ്യത്തിൽ വലിയവരാകൂ.

വലിയവരുടെയും വലുതാകാൻ ആഗ്രഹിക്കുന്നവരുടെയും അതിനായി പണിപ്പെടുന്നവരുടെയും ലോകത്തു ശിശുവാകുകയെന്നത് വലിയൊരു സുവിശേഷ സാക്ഷ്യമാണ്.

ചെറുപുഷ്പം, ശിശുവിനെപ്പോലെ ചെറുതായി. "ഈഗോ"യെ വെടിഞ്ഞു ഈശോയാൽ നിറഞ്ഞു. ലാളിത്യത്തിന്റെ ലാവണ്യം ആ ജീവിതത്തിനു കൈവന്നത് അങ്ങനെയാണ്. അവൾ ശിശുവിനെപ്പോലെ സ്നേഹിച്ചു, സ്വകാര്യ അജണ്ടകളില്ലാത്ത സ്നേഹം. അവൾ ശിശുവിനെപ്പോലെ ചിരിച്ചു, അഹം ഭാവമില്ലാത്ത ചിരി. ആ ലാളിത്യവും ചിരിയും സ്നേഹവുമാണ് ലോകത്തിനു മുൻപിൽ കൊച്ചുത്രേസ്സ്യയെ പ്രേഷിതയാക്കിത്തീർത്തത്. മറ്റുള്ളവരെ മെരുക്കാനല്ല സ്വയം ചുരുക്കാനാണ്- ചെറുതാക്കാനാണ് അവൾ തന്റെ സമയവും ഊർജ്ജവും വ്യയം ചെയ്തത്. ബന്ധങ്ങളെ സുദൃഢമാക്കുന്ന സ്നേഹം അതുവഴി അവളുടെ ഹൃദയത്തിൽ പുഷ്പിച്ചു. റോസാപ്പൂവിന്റെ സുവിശേഷം പോലെ, ഒന്നും പ്രഘോഷിക്കാതെ, സ്നേഹത്തിന്റെ സുകൃതം വിരിയിച്ചും സൗരഭ്യം പരത്തിയും അവൾ പ്രേഷിതയായി.

നമ്മുടെ "ഈഗോ"യോട് വിടപറഞ്ഞും ഹൃദയത്തിൽ ഈശോയെ നിറച്ചും ചെറുപുഷ്പത്തെപ്പോലെ സ്വയം ചെറുതായും സ്നേഹത്തിന്റെ ചെറുകാര്യങ്ങളിൽ വിശ്വാസമുറപ്പിച്ചും നമുക്കും പ്രേഷിതരാകാം. ശിശുതുല്യമായ ഹൃദയത്തോടെ ജീവിതത്തെ അത്ഭുതത്തോടെ നോക്കിക്കാണാനും എല്ലാറ്റിനെയും സ്നേഹാർദ്രമായ ആവേശത്തോടെ ആശ്ലേഷിക്കാനും ചെറുപുഷ്പത്തെപ്പോലെ നമുക്കും പരിശ്രമിക്കാം. ലോകത്തെ നവീകരിക്കുന്ന പ്രേഷിതത്വം സ്നേഹത്തിന്റെ ചെറുകാര്യങ്ങളിലാണാരംഭിക്കുന്നതെന്ന തിരിച്ചറിവോടെ നമ്മുടെ പ്രേഷിതദൗത്യത്തിൽ നമുക്കു കർമ്മനിരതരാകാം.

*Published by*
CMI General Department of Evangelization and Pastoral Ministry